"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കൊച്ചി കോർപ്പറേഷൻ - തേവര-പേരണ്ടൂർ കനാൽ കയ്യേറിയുള്ള അനധികൃത നിർമ്മാണത്തെക്കുറിച്ച് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ - ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്കനടപടി - 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥയെ നിയമിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (EWA) വകുപ്പ്**

സ.ഉ.(സാധാ) നം.1752/2026/LSGD തീയതി, തിരുവനന്തപുരം, 16-09-2026

---

പരാമർശം:-

1. വിജിലൻസ് (F) വകുപ്പിൽ നിന്നുള്ള 14.05.2025-ലെ വിജി F2/155/2025-വിജി നം. കുറിപ്പ്.
2. വിജിലൻസ് ഡയറക്ടറുടെ 03.05.2024-ലെ E10(SC - 7/2024/EKM) 43373/2023/DVACB നമ്പർ റിപ്പോർട്ട്.
3. 26.07.2025-ലെ EWA3/123/2025-LSGD നമ്പർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും.
4. അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി.ദിവ്യ മോഹൻ (PEN-677430) 04.10.25-ലും, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.ബീന.പി.ജി (PEN.709621), ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീമതി.കീർത്തന രാജ്(PEN.943145) 29.09.25-ലും സമർപ്പിച്ച പ്രതിവാദപത്രിക.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08-04-2026-ലെ LSGD/PD/26614/2025-VIGC4 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭാ അതിർത്തിയിൽ പനമ്പിള്ളി നഗർ ഭാഗത്ത് 56-99 ഡിവിഷനിൽ തേവര-പേരണ്ടൂർ കനാൽ കയ്യേറി അനധികൃത നിർമ്മാണം നടത്തുന്നതായി ആരോപിച്ച് പേരണ്ടൂർ കനാൽ സംരക്ഷണ ജനകീയ കൂട്ടായ്മ, പനമ്പിള്ളി നഗർ, കൊച്ചി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ്, എറണാകുളം യൂണിറ്റ് നടത്തിയ മിന്നൽ പരിശോധനയിൽ കൊമേഴ്സൽ-കം-റസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിന്, CRZ (Coastal Regulation Zone) NOC ലഭ്യമാക്കാതെ ബിൽഡിംഗ് പെർമിറ്റ് നൽകുകയും അത് പുതുക്കി നൽകുകയും ചെയ്തതായി കണ്ടെത്തിയെന്ന പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടിന് ഉത്തരവാദികളിൽ വൈറ്റില സോണൽ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി.ദിവ്യ മോഹൻ (PEN-677430), ബിൽഡിംഗ് ഇൻസ്പെക്ടർ, ശ്രീ.സാബു കുമാർ.പി.ആർ (PEN.327767),അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി.ബീന.പി.ജി (PEN.709621), ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീമതി കീർത്തന രാജ് (PEN.943145)

എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പരാമർശ കുറ്റപത്രം നൽകിയിരുന്നു. എന്നാൽ, പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ കുറ്റാരോപിതർ ആയതിലെ കുറ്റങ്ങൾ നിഷേധിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ, പേരണ്ടൂർ കനാൽ കയ്യേറി അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ക്രമക്കേടുകളിൽ വൈറ്റില സോണൽ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി.ദിവ്യ മോഹൻ (PEN-677430), അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി.ബീന.പി.ജി (PEN.709621 ) ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീമതി കീർത്തന രാജ് (PEN.943145) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിനായി കൊച്ചി കോർപ്പറേഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി. അജിത അനീഷിനെ (പെൻ.508752) ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥയായി നിയോഗിച്ച് ഉത്തരവാകുന്നു.

KCS(CC&A) Rules 1960, Manual for Disciplinary Proceedings (MDP) എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരമുള്ള നടപടിക്രമങ്ങൾ എല്ലാം പാലിച്ച് ചാർജ്ജ് മെമ്മോയിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും, വാദിഭാഗം, പ്രതിഭാഗം സാക്ഷിമൊഴികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥ ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ, മേൽ റിപ്പോർട്ടിൽ 31.05.2021 ന് സർവ്വീസിൽ നിന്നും വിരമിച്ച ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ.സാബു കുമാർ.പി.ആർ ന്റെ പങ്കും കൂടി ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

1) ശ്രീമതി അജിത അനീഷ് (പെൻ.508752),അസിഎക്സി. എഞ്ചിനീയർ, കൊച്ചി കോർപ്പറേഷൻ (പരാമർശിത രേഖകളുടെ പകർപ്പ് ഉൾപ്പെടെ) (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം).

2) ശ്രീമതി.ദിവ്യ മോഹൻ (PEN-677430),അസിസ്റ്റന്റ് എഞ്ചിനിയർ,(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

3. ശ്രീമതി ബീന.പി.ജി,(PEN:709621) അസിസ്റ്റന്റ് എഞ്ചിനിയർ, (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

4.ശ്രീമതി കീർത്തന രാജ്,(PEN:943145,) ബിൽഡിംഗ് ഇൻസ്പെക്ടർ,(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

5.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

6. അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ് കേരള, തൃശ്ശൂർ)

7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

8. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്,

ഉത്തരവിൻ പ്രകാരം

Digitally signed by
Dileep D
Date: 16-09-2026
14:53:06

സെക്ഷൻ ഓഫീസർ